# നാമം ജപിക്കുന്നത് എന്തിന്? ഏതു നാമം ജപിക്കണം?

(Which Deity's Name should we chant and why ? - Malayalam)

## അനുക്രമണിക


卐 **ആമുഖം** **6**

1. 'നാമസങ്കീർത്തനയോഗം' എന്ന പദത്തിന്റെ നിർവചനം 8

2. ജപം 8

3. നാമത്തിന്റെ മഹത്ത്വം 9

4. അനിഷ്ട ശക്തികളുടെ ബുദ്ധിമുട്ട് മാറ്റുന്നതിനായും ആത്മീയ ഉന്നതിക്കായും നാമജപവും മറ്റു പ്രതിവിധികളും 11
   * അനിഷ്ട ശക്തികളുടെ ബുദ്ധിമുട്ട് ഇല്ലാതാക്കേണ്ടത് എന്തുകൊണ്ട് അത്യാവശ്യമാണ്? 11
   * അതൃപ്തരായ പിതൃക്കളാൽ ഉണ്ടാകുന്ന പിതൃദോഷത്തിന്റെ നിവാരണത്തിനായി ദത്താത്രേയ ഭഗവാന്റെ നാമജപം 39
   * കുലദേവതയുടെ നാമജപം 43

5. നാമജപത്തെക്കുറിച്ച് ചില നിർദേശങ്ങൾ 74

# ആമുഖം

സാധാരണയായി മനുഷ്യൻ ജീവിതത്തിൽ അല്പം സുഖവും കൂടതൽ ദുഃഖവുമാണ് അനുഭവിക്കുന്നത്. ദുഃഖം അനുഭവിക്കാനുള്ള ശക്തി ഭഗവാന്റെ നാമജപത്തിലൂടെയാണ് ലഭിക്കുന്നത്. 'സത്-ചിത്ത്-ആനന്ദ' സ്വരൂപനായ ഭഗവാന്റെ നാമം ജപിച്ചാൽ ജീവിതം ആനന്ദമയമാകുന്നു.

ഇക്കാലത്ത് സൂക്ഷ്മ തലത്തിൽ ആസുരിക ശക്തികളുടെ ബുദ്ധിമുട്ട് വളരെ കൂടിയിരിക്കുന്നു. ഇന്ന് മിക്കവാറും മനുഷ്യർക്ക് അനിഷ്ട ശക്തികളുടെ ബുദ്ധിമുട്ട് കൂടുതലും കുറവും അളവുകളിൽ ഉണ്ടാകുന്നുണ്ട്. ഇതു ജീവിതത്തിലെ പല പ്രശ്നങ്ങൾക്കും ദുഃഖങ്ങൾക്കും കാരണമാകുന്നു. മാത്രമല്ല വ്യക്തിയുടെ ആത്മീയ ഉയർച്ചയും നിലയ്ക്കുന്നു. അനിഷ്ട ശക്തികളാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാറ്റുന്നതിനായി നാമജപം വളരെ ആവശ്യമാണ്. അതിനായി ഏതു നാമം ജപിക്കണെമെന്നു ഈ ലഘുഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്.

ഇതിനു പുറമേ, ആത്മീയ ഉന്നതിക്കായി ഏതു നാമം ജപിക്കണമെന്നും ഇതിൽ വിശദീകരിച്ചിട്ടുണ്ട്. സാധകൻ എത്ര വർഷങ്ങളായി സാധന ചെയ്യുന്നു? സാധന ചെയ്യുവാൻ ആവശ്യമുള്ള ഗുണങ്ങൾ അവനിൽ എത്രത്തോളം വർധിച്ചിട്ടുണ്ട്? അവൻ സമഷ്ടി സാധനയിൽ എത്ര സജീവമാണ്?, മുതലായ സാധനയുടെ നിലവാരത്തെ അടിസ്ഥാനമാക്കി വ്യക്തി ഏതു നാമം ജപിക്കണം എന്നതും ഇതിൽ വിശദീകരിച്ചിട്ടുണ്ട്. നാമജപത്തിനോടൊപ്പം മുദ്രയും, ന്യാസവും ചെയ്യുക, സ്വഭാവദോഷങ്ങളെയും അഹംഭാവത്തെയും ഇല്ലാതാക്കുവാൻ 'സ്വയം പ്രത്യായനം സെഷനുകൾ' നടത്തുന്നത് കൊണ്ടുള്ള ഗുണങ്ങളും അതിന്റെ ശാസ്ത്രവും വിവരിച്ചിട്ടുണ്ട്.

'ഈ ലഘുഗ്രന്ഥം വായിച്ച് മനസ്സിലാക്കി നാമം ജപിക്കുവാനും ആത്മീയ ഉന്നതി നേടുവാനും ഏവർക്കും സാധിക്കണേ', എന്ന് ശ്രീഗുരുചരണങ്ങളിൽ പ്രാർഥിക്കുന്നു. - **സമാഹർത്താവ്**